**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 430** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വരുമാനത്തിൽ ഉള്ള കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വരുമാനത്തിൽ എത്ര മാത്രം കുറവ് വന്നിട്ടുണ്ട്; ഏതൊക്കെ മേഖലകളിലാണ് കുറവ് വന്നിട്ടുള്ളത്; വിശദാംശം അറിയിക്കാമോ? | (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം 14-ാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നു കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. 10-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിന്നാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തികൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലഭ്യമായ തുക 5455.10 കോടി രൂപയായിരുന്നുവെങ്കിൽ 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഹിതം 3990.45 കോടി രൂപയായി കുറഞ്ഞു. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022-ജൂൺ മാസത്തിൽ നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനകുറവാണ് സംസ്ഥാനത്തിനുണ്ടാവുക. കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയുരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാമം തിരികെ 3 ശതമാനത്തിലേക്ക് കൊണ്ടുവന്നതും |

| | | | |
|---|---|---|---|
| | | | സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം കൊണ്ടുവന്നിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ചെറുതായിട്ടൊന്നുമല്ല ബാധിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് 2021-22 സാമ്പത്തിക വർഷം Off Budget Borrowing ആയി എടുത്ത തുക നാല് തവണകളായി 2022-23 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തിന് ലഭ്യമാകുന്ന റവന്യൂ കമ്മി ഗ്രാന്റ് കുറഞ്ഞുവരുന്നതും 2023-24-ന് ശേഷം പ്രസ്തുത ഗ്രാന്റ് ലഭിക്കുകയില്ലായെന്നുള്ളതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ മോശമായി ബാധിക്കും. |

സെക്ഷൻ ഓഫീസർ